# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2869 06.11.2019 -ലെ മറുപടി

**ആറാട്ടുപുഴ പഞ്ചായത്തിൽ പുതിയ കുഴൽകിണർ സ്ഥാപിക്കാൻ നടപടി**

**ചോദ്യം**

**ശ്രീ.അൻവർ സാദത്ത്**

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**

**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | ഹരിപ്പാട് മണ്ഡലത്തിലെ ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ രണ്ടാം നമ്പർ പമ്പ്ഹൗസിൽ സ്ഥാപിച്ചിട്ടുള്ള കുഴൽകിണറിന്റെ പ്രവർത്തനം മണൽ കയറി തടസ്സപ്പെട്ടുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | ഏതെല്ലാം പ്രദേശങ്ങളിലെ ജല വിതരണത്തെയാണ് ഇത് ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ബി) | ആറാട്ടുപുഴ ഗ്രാമപഞ്ചായത്തിലെ അഞ്ചാം വാർഡിലെ മണിവേലിക്കടവ് ഭാഗത്ത് ഭൂജല വകുപ്പ് കുഴൽക്കിണർ ഡെവലപ്പ് ചെയ്യുന്നതുവരെ ഒരാഴ്ചയോളം (21.07.2019 മുതൽ 25.07.2019 വരെ) ജലവിതരണം തടസ്സപ്പെട്ടിരുന്നു. നിലവിൽ ഈ കുഴൽക്കിണറിൽ നിന്നും ജലം പമ്പ് ചെയ്യുന്നതിന് തടസ്സമില്ല. ആയതിനാൽ ജലവിതരണം ഈ പ്രദേശത്തെ ബാധിച്ചിട്ടില്ല. |
| സി) | ഇവിടെ പുതിയ കുഴൽകിണർ സ്ഥാപിച്ച് പമ്പ്ഹൗസിന്റെ പ്രവർത്തനം പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | ആറാട്ടുപുഴ പഞ്ചായത്ത് ഉൾപ്പെടെ ഹരിപ്പാട് മണ്ഡലത്തിലെ മുഴുവൻ പ്രദേശങ്ങൾക്കും ജലം ലഭ്യമാക്കുന്നതിനായി 50 MLD ശേഷിയുള്ള വൻകിട കുടിവെള്ള പദ്ധതി നിർമ്മാണ ഘട്ടത്തിലാണ്. പുതിയ കുഴൽക്കിണർ സ്ഥാപിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി അധികൃതർ അപേക്ഷ സമർപ്പിക്കുന്ന പക്ഷം സ്ഥല പരിശോധന നടത്തി അനുയോജ്യമാണെങ്കിൽ ഭൂജലവകുപ്പ് ആലപ്പുഴ ജില്ലാ ഓഫീസ് മുഖേന പുതിയ കുഴൽക്കിണർ നിർമ്മിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**